പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3474

14.10.2011-ലെ മറുപടിയ്ക്ക്

**വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കാൻ പ്രത്യേക പാക്കേജുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും, നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) പരിസ്ഥിതി പ്രശ്നവുമായി ബന്ധപ്പെട്ട് അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിച്ച് നിലനിർത്തുന്നതിന് പ്രത്യേക പാക്കേജുകൾ ആവിഷ്കരിച്ചിട്ടുണ്ടോ;<br>(ബി) എങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി)യും പരിസ്ഥിതി പ്രശ്നങ്ങൾ കാരണം ഭീഷണി നേരിടുന്ന വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിച്ച് നിലനിർത്തുന്നതിന് പ്രത്യേക പാക്കേജുകൾ ആവിഷ്കരിച്ചിട്ടില്ല. എങ്കിലും മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് സബ്സിഡിയും വ്യവസായ വകുപ്പിൻെറ മേൽ നോട്ടത്തിലുള്ള വ്യവസായ വികസന പ്ലോട്ടുകൾ, വികസന ഏരിയകൾ, എന്നിവയിൽ വ്യവസായ സ്ഥാപനങ്ങൾ മാറ്റി സ്ഥാപിക്കുന്നതിന് സൗകര്യവും നൽകുന്നു. |
| സി) വ്യവസായവൽക്കരണം പരിസ്ഥിതി സൗഹൃദപരമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് പ്രധാനമായി സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ? | സി) ഇക്കാര്യത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിൻെറ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് വരുന്നു. കൂടാതെ പരിസ്ഥിതി സൗഹൃദ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനായി മലിനീകരണ നിയന്ത്രണ ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് സബ്സിഡിയും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ